051223

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കേരള സംസ്ഥാന ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന കീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ.) വകുപ്പ്

സ.ഉ.(എം.എസ്) നം.310/2010/കൃഷി

തിരുവനന്തപുരം, തീയതി 2/12/2010

---

പരാമർശം:-
1) സ.ഉ.(പി) നമ്പർ 39/2010/കൃഷി തീയതി 10-2-2010
2) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12/8/2002ലെ ഒ.പി. 20716/2002, 17026/2002, 16300/01, 29371/01 എന്നീ കേസുകളിലെ വിധിന്യായം.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തെ മുഴുവനായും രാസകീടനാശിനിവിമുക്ത മേഖലയാക്കി മാറ്റുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാന്റെ ഉപയോഗംമൂലം ഉണ്ടായി എന്നു കരുതപ്പെടുന്ന മരണവും രോഗങ്ങളും അവിടുത്തെ ജനങ്ങളിൽ ആകമാനം ഭീതി വളർത്തിയിരിക്കുകയാണ്. ഇപ്പോഴും ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി വളർന്നിരിക്കുന്നു. വിഷാംശം കൂടിയ രാസകീടനാശിനികളുടെ സ്ഥിരമായ ഉപയോഗംമൂലം മനുഷ്യർക്കും ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ഉണ്ടാകുന്ന പാർശ്വഫലങ്ങൾ ദീർഘകാലം നിലനിൽക്കുന്നുവെന്നതിനാൽ ഇതിന്റെ ഉപയോഗത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പരാമർശം രണ്ട് പ്രകാരം നിരീക്ഷിച്ചിരുന്നു. ഇപ്പോൾ ഇക്കാര്യത്തിൽ ഉയർന്നു വന്നിട്ടുള്ള പൊതുജനാഭിപ്രായവും ഇത്തരത്തിലുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തോടെയും, ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെ ഭാഗമായും, കാസർഗോഡ് ജില്ലാ പൂർണ്ണമായും ജൈവകൃഷി മേഖലയാക്കി മാറ്റുക എന്നലക്ഷ്യത്തിലേക്കുള്ള ആദ്യ നടപടിയായി വിഷാംശം കൂടിയ കടും ചുവപ്പും (ബ്രൈറ്റ്

റെഡ്), കടും മഞ്ഞയും (ബ്രൈറ്റ് യെല്ലോ) ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

3. കേരള കാർഷിക സർവ്വകലാശാല **ഇപ്പോൾ** നടപ്പിലാക്കിവരുന്ന ജൈവകീടനാശിനി അടിസ്ഥാനമാക്കിയുള്ള 'പാക്കേജ് ഓഫ് പ്രാക്ടീസ്' കാസർഗോഡ് ജില്ലയിൽ മൊത്തമായി ഉടൻതന്നെ വ്യാപിപ്പിക്കേണ്ടതാണ്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ പ്രചാരണ-ബോധവത്കരണപരിപാടികളും നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ അനന്തരനടപടികളും കൃഷി ഡയറക്ടറും കേരള കാർഷിക സർവ്വകലാശാലയും കൈക്കൊള്ളേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**കെ.ജയകുമാർ**
**അഡീഷണൽ ചീഫ് സെക്രട്ടറി &**
**അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ**

1. കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
3. മെമ്പർ സെക്രട്ടറി, ജൈവ വൈവിധ്യബോർഡ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ആവശ്യമായ പ്രസിദ്ധീകരണത്തിന്)
6. പ്രിൻസിപ്പൾ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
8. സ്റ്റേറ്റ് പൊല്യൂഷ്യൻ കൺട്രോൾ ബോർഡ്.
9. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
10. ആഭ്യന്തര വകുപ്പ്
11. സാമൂഹ്യക്ഷേമ വകുപ്പ്
12. നികുതി വകുപ്പ്
13. പരിസ്ഥിതി വകുപ്പ്
14. തദ്ദേശസ്വയംഭരണ വകുപ്പ്
15. കൃഷി (പി.യു/പി.ബി) വകുപ്പുകൾ
16. ജില്ലാ കളക്ടർ, കാസർഗോഡ്
17. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്
18. കൺട്രോളർ, ലീഗൽ മെട്രോളജി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. കാർഷി ഉൽപാദന കമ്മീഷണറുടെ പി.എ.
3. കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ.